പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : pro.cpcr@gmail.com

25.04.2023

# കുട്ടികളുമൊത്ത് മുതിർന്നവർ കള്ള് കുടിച്ച സംഭവം

## ബാലാവകാശ കമ്മീഷൻ കേസെടുത്തു

ആലപ്പുഴ: മീനപ്പള്ളി കള്ളുഷാപ്പിൽ കുട്ടികളുമൊത്ത് മുതിർന്നവർ കള്ള് കുടിച്ച സംഭവം സംസ്ഥാന ബാലാവകാശ കമ്മീഷൻ കേസെടുത്തു. നിരവധി കുട്ടികളെ കള്ളുഷാപ്പിനുള്ളിൽ കൊണ്ടുപോകുന്നതായും അവർ നോക്കിയിരിക്കെ ജന്റർ വ്യത്യാസമില്ലാതെ മുതിർന്നവർ കള്ള് കുടിക്കുന്നതായും സോഷ്യൽ മീഡിയ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ സ്വമേധയാണ് കേസെടുത്തത്. സംഭവത്തെക്കുറിച്ച് അന്വേഷിച്ച് അടിയന്തരമായി റിപ്പോർട്ടു നൽകാൻ ജില്ലാ പോലീസ് മേധാവി, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

പബ്ലിക് റിലേഷൻസ് ഓഫീസർ

**25.04.23**

**കള്ളുഷാപ്പിൽ കുട്ടികളുമൊത്ത് മുതിർന്നവർ കള്ള് കുടിക്കുന്നതായി സോഷ്യൽ മീഡിയ റിപ്പോർട്ടു ചെയ്യുന്നു.**

കള്ളുഷാപ്പിൽ കുട്ടികളുമൊത്ത് മുതിർന്നവർ കള്ള് കുടിക്കുന്നതായ വാർത്ത സോഷ്യൽ മീഡിയ റിപ്പോർട്ടു ചെയ്യുന്നു. നിരവധി കുട്ടികളെ കള്ളുഷാപ്പിനുള്ളിൽ കൊണ്ടുപോകുന്നതായും അവർ നോക്കിയിരിക്കെ ജന്റർ വ്യത്യാസമില്ലാതെ മുതിർന്നവർ കള്ള് കുടിക്കുന്നതായുമാണ് റിപ്പോർട്ട് ചെയ്യുന്നത്. ലൈസൻസി ചന്ദ്രബോസിന്റെ പേരിലുള്ള മീനപ്പള്ളി 93-ാം നംപർ കള്ളുഷാപ്പിലാണ് സംഭവം നടന്നിട്ടുള്ളതായി മീഡിയ റിപ്പോർട്ടു ചെയ്തിട്ടുള്ളത്.